"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ.എസ്. തമ്പിക്കെതിരായ നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.759/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/04/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.03.2016-ലെ ഇ8(എസ്.സി.66/2015/ടിഎസ്ആർ) 35861/2015 നമ്പർ റിപ്പോർട്ട്

2 ശ്രീ. എ.എസ്. തമ്പി സമർപ്പിച്ച 25.11.2016-ലെ വിശദീകരണം

3 പഞ്ചായത്ത് ഡയറക്ടറുടെ 20.04.2018-ലെ ഡി7-31812/2016നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് മുനിച്ചിറ കനാൽ പുനരുദ്ധാരണത്തോടനുബന്ധിച്ച് കനാലിൽ നിന്നും മണൽ ലേലം ചെയ്തതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 20.11.2015-ൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ.എസ്. തമ്പിയിൽ നിന്നും വിശദീകരണം വാങ്ങി, ക്രമക്കേടുകൾക്ക് ഉത്തരവാദിയാണെന്നു കാണുന്ന പക്ഷം അച്ചടക്കനടപടി ആരംഭിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

വിജിലൻസ് ശുപാർശ പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ.എസ്. തമ്പിയിൽ നിന്നും വിശദീകരണം വാങ്ങുകയും പ്രസ്തുത വിശദീകരണത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. എ.എസ്. തമ്പി സമർപ്പിച്ച വിശദീകരണത്തിൽ വിജിലൻസ് പരിശോധനയ്ക്ക് ആസ്പദമായ പ്രവൃത്തി സംബന്ധമായ ലേലം നടത്തിയ 27.03.2015-ൽ ശ്രീമതി. ശ്രീകല വി.ജി. എന്നിവരായിരുന്നു പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് എന്ന വിവരം അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീമതി. ശ്രീകല വി.ജി. എന്നവർ സമർപ്പിച്ച 01.04.2017-ലെ കത്തിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ സൂചിപ്പിച്ചതായി കാണുന്നു. മരോട്ടിച്ചാൽ നേതാജി റോഡ് പുനരുദ്ധാരണം റിച്ച് 2 എന്ന പ്രവൃത്തിയുടെ തോട് വൃത്തിയാക്കിയതിന്റെ ഭാഗമായി ലഭിച്ച മണൽ റോഡരികിൽ കൂട്ടിയിട്ടപ്പോൾ പരിസരവാസികൾ ടി മണൽ നീക്കം ചെയ്യണമെന്ന് കാണിച്ച് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് പരാതി നൽകിയിരുന്നതായും തുടർന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറും വാർഡ് മെമ്പറും മണൽ നീക്കം ചെയ്യണമെന്ന് നിർദ്ദേശിച്ചതായും തുടർന്ന് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 19.03.2015-ന് ലേല നോട്ടീസ് പുറപ്പെടുവിക്കുകയും ശ്രീ. ലോനപ്പൻ എന്നവർ ലേലം എടുത്ത് ലേലത്തുക 270/- രൂപ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ടി ലേല സ്ഥലത്ത് വ്യക്തികൾ പങ്കെടുത്തതിന്റെ രേഖ വിജിലൻസിന് ലഭ്യമാക്കിയിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാതിയ്ക്കാസ്പദമായ ലേലം നടന്ന 27.3.2015-ൽ ശ്രീമതി. ശ്രീകല വി.ജി.യായിരുന്നു പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത്. ശ്രീ. എ.എസ്.തമ്പി 07.08.2015-ലാണ് പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റിട്ടുള്ളത്. ശ്രീ.ജനാർദ്ദനൻ, ശ്രീ.മാത്യൂസ്, ശ്രീ.ലോനപ്പൻ എന്നിവർ ലേലത്തിൽ പങ്കെടുത്തതായി ലേല ഡയറി ഉള്ളതായും 27.03.2015-ൽ നടപടിക്രമം പാലിച്ച് ലേലം ചെയ്തതായും ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ. ലോനപ്പന് ലേലം അനുവദിച്ചതായും ഫയൽ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ വസ്തുതകൾ കണക്കിലെടുത്ത് പുത്തൂർ ഗ്രാമപഞ്ചായത്ത് മുനിച്ചിറ കനാൽ പുനരുദ്ധാരണത്തോടനുബന്ധിച്ച് കനാലിൽ നിന്നും മണൽ ലേലം ചെയ്തതിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ.എസ്. തമ്പിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്നുകണ്ട് ഈ വിഷയത്തിലുള്ള തുടർനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. എ.എസ്. തമ്പി, മുൻ സെക്രട്ടറി, പുത്തൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിജിലൻസ് (ഡി) വകുപ്പ് (റിമാർക്സ് നം.ഡി3/420/2019-വിജി. തീയതി 24.10.2019)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/153/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ